# Restoration of Threatened Tree species on International Biodiversity Day 2024

Saplings of three threatened tree species (*Diospyros crumenata* (CR), *Prioria pinnata* (VU) and *Hopea ponga* (VU)) were planted at Ikkara Kavu, P Vemballur, on International Biodiversity Day. The sacred grove is owned by Ikkara Kavu Trust and the conservation initiatives are supported by Western Ghats Hornbill Foundation and BMC Sn Puram Gram Panchyath. The saplings were produced from threatened tree species nursery at CEtC of Western Ghats Hornbill Foundation at the MES Asmabi College with the support of Prakrithi Research Fellowship granted to Ms. Devika M. Anikumar, PhD Scholar of the Research Department of Botany, MES Asmabi College, P. Vemballur.



Mr. MS Mohanan, Dr. Amitha Bachan & Mr. Febin Francis, KSBB District Coordinator Planting the saplings in the auspicious presence of Vijay Menon, Trustee of the Ikkara Kavu Trust, Mr. Varuan & Symaily, BMC Members.

The International Biodiversity celebration was organised by BMC SN Puram Gram Panchayath with technical support from CEtC of Western Ghats Hornbill Foundation at MES Asmabi College. The programme brought out an awareness on conservation of biodiversity and the role of community in conservation.




All the participants form various education institutions during the event



മനോരമ

രാജ്യാന്തര വൈവിധ്യ ദിനാചരണം

# വംശനാശ ഭീഷണി നേരിടുന്ന തൈകളുടെ നടീൽ നടത്തി

ശ്രീനാരായണപുരം ● രാജ്യാന്തര ജൈവ വൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായി വംശനാശ ഭീഷണി നേരിടുന്ന തൈകളുടെ നടീൽ പഞ്ചായത്ത് പ്രസിഡന്റ് എം.എസ്.മോഹനൻ ഉദ്ഘാടനം ചെയ്തു. പി.വെമ്പല്ലൂർ ഐക്കരകാവിൽ സെമിനാറും കാവ് പഠന ക്യാംപെയ്നും നടത്തി.

മേയ് 22 മുതൽ ജൂൺ 5 വരെ ആഗോള ജൈവ വൈവിധ്യ വാരാചരണം നടത്തും. വംശനാശ ഭീഷണി നേരിടുന്ന കരിമ്പുടാൻ, കമ്പകം, കുളവു എന്നീ അപൂർവ ഇനം സസ്യങ്ങളുടെ സംരക്ഷണവും വിവിധയിനം ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നേതൃത്വം നൽകും.

എംഇഎസ് അസ്മാബി കോളജ് പ്രിൻസിപ്പൽ ഡോ എ. ബിജു, വിജയൻ മേനോൻ എന്നിവരെ ആദരിച്ചു. ഫെബിൻ ഫ്രാൻസിസ്, ഡോ.അമിതാ ബച്ചൻ എന്നിവർ ക്ലാസെടുത്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സജിത പ്രദീപ്, കെ.എ. അയൂബ്, സി.സി.ജയ, പി.എ . നൗഷാദ്, അബ്ദുല്ല ബാബു, കെ.ആർ. രാജേഷ്, ജിബി മോൾ, രേഷ്മ വിപിൻ, ഇബ്രാഹിംകുട്ടി, പ്രസന്ന, ടി.എസ്.ശീതൾ, മിനി പ്രദീപ്, ബിഎംസി അംഗങ്ങളായ എൻ.എം. ശ്യാംലി, ടി.കെ. വരുണൻ, പി.ആർ. രതീഷ്, ഇ.ആർ. രേഖ, ദേവിക എന്നിവർ പ്രസംഗിച്ചു.

# ഐക്കരകാവിൽ സസ്യസംരക്ഷണം

ദേശാഭിമാനി

**കൊടുങ്ങല്ലൂർ**

അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായി വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ നട്ടു. ശ്രീനാരായണപുരം പഞ്ചായത്തിലെ പടിഞ്ഞാറേ വെമ്പല്ലൂർ ഐക്കരക്കാവിലാണ് വംശനാശ ഭീഷണി നേരിടുന്ന കരിമ്പുടാൻ കമ്പകം, കളവ് തുടങ്ങിയവയുടെ തൈകൾ പഞ്ചായത്ത് പ്രസിഡന്റ് എം എസ് മോഹനൻ നട്ടത്.

ഐക്കരകാവിൽ സെമിനാറും കാവ് പഠന കാമ്പയിനും നടത്തി. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ സംരക്ഷണവും വിവിധയിനം ഔഷധസസ്യങ്ങളുടെ വ്യാപനത്തിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നേതൃത്വം നൽകും.



ജൈവവൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായി ഐക്കരകാവിൽ എസ് എൻ പുരം പഞ്ചായത്ത് പ്രസിഡന്റ് എം എസ് മോഹനൻ തൈ നടുന്നു

പ്രകൃതി സംരക്ഷണം, മണ്ണ് വായു സംരക്ഷണം, വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും സംരക്ഷണം തുടങ്ങിയ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ പൊതു സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, തരിശു ഭൂമികൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടപ്പാക്കും.

എംഇഎസ് അസ്മാബി കോളേജ് പ്രിൻസിപ്പൽ ഡോ. എ ബിജു, കാവ് സ്ഥല ഉടമ വിജയൻ മേനോൻ എന്നിവരെ ആദരിച്ചു. ബിഎംസി ജില്ലാ കോ ഓർഡിനേറ്റർ ഫെബിൻ ഫ്രാൻസിസ്, ഡോ. അമിതാബച്ചൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു.

വൈസ് പ്രസിഡന്റ് സജിത പ്രദീപ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ കെ എ അയൂബ്, സി സി ജയ, പി എ നൗഷാദ്, അസി. സെക്രട്ടറി അബ്ദുള്ള ബാബു, വാർഡ് മെമ്പർമാർ, ബിഎംസി അംഗങ്ങൾ എന്നിവർ സംസാരിച്ചു.

■ അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ ദിനാചരണം

# അപൂർവ സസ്യങ്ങളുടെ തൈകൾ നട്ടു

കൗമുദി

കൊടുങ്ങല്ലൂർ: ജൈവവൈവിദ്ധ്യ ദിനാചരണത്തിന്റെ ഭാഗമായി ശ്രീനാരായണപുരം പഞ്ചായത്തിന്റെ നേതൃത്വത്തിൽ പി. വെമ്പല്ലൂർ ഐക്കരകാവിൽ സെമിനാറും കാവ്പഠന കാമ്പയിനും അപൂർവ സസ്യങ്ങളുടെ തൈകളുടെ നടീലും നടന്നു. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി പ്രസിഡന്റും ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റുമായ എം.എസ്. മോഹനൻ ഉദ്ഘാടനം നിർവഹിച്ചു. കരിമ്പുടാൻ, കമ്പകം, കളവ് തുടങ്ങിയ അപൂർവസസ്യങ്ങളുടെ സംരക്ഷണത്തിനും വിവിധയിനം ഔഷധസസ്യങ്ങളുടെ വ്യാപനത്തിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നേതൃത്വം നൽകും. പ്രകൃതി, മണ്ണ്, വായു, അപൂർവ സസ്യങ്ങളുടെ സംരക്ഷണം തുടങ്ങിയ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ പൊതു സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, തരിശുഭൂമികൾ, സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് നടപ്പാക്കും. എം.ഇ.എസ് അസ്മാബി കോളേജ് പ്രിൻസിപ്പൽ ഡോ. എ. ബിജു, കാവ് സ്ഥല ഉടമ വിജയൻ മേനോൻ എന്നിവരെ ആദരിച്ചു. ബി.എം.സി ജില്ലാ കോ-ഓർഡിനേറ്റർ ഫെബിൻ ഫ്രാൻസിസ്, ഡോ. അമിതാബച്ചൻ എന്നിവർ ക്ലാസെടുത്തു. വൈസ് പ്രസിഡന്റ് സജിത പ്രദീപ്, കെ.എ. അയൂബ്, സി.സി. ജയ, പി.എ. നൗഷാദ്, അബ്ദുള്ള ബാബു, കെ.ആർ. രാജേഷ്, ജിബിമോൾ, രേഷ്മ വിപിൻ, ഇബ്രാഹിംകുട്ടി, പ്രസന്ന, ടി.എസ്. ശീതൾ, മിനി പ്രദീപ് തുടങ്ങിയവർ സംസാരിച്ചു.

## ബി.എം.സി നേതൃത്വം നൽകും

■ അപൂർവ സസ്യങ്ങളുടെ സംരക്ഷണത്തിനും ഔഷധസസ്യങ്ങളുടെ വ്യാപനത്തിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) നേതൃത്വം നൽകും.



അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ ദിനാചരണത്തിന്റെ ഭാഗമായി അപൂർവയിനം സസ്യങ്ങളുടെ തൈ നടുന്നതിന്റെ ഉദ്ഘാടനം ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ നിർവഹിക്കുന്നു.